**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5581** **13-08-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ ജീവഹാനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര ഏക്കർ വനഭൂമിയുണ്ട്; | (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിൽ 4890.8997 ഏക്കർ വനഭൂമിയാണുള്ളത്. |
| (ബി) | വേനൽക്കാലത്ത് വന്യജീവികൾ കുടിവെള്ളവും ഭക്ഷണവും തേടി നാട്ടിൽ എത്താതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | വേനൽക്കാലത്ത് വന്യജീവികൾ കുടിവെള്ളവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ള ഡാമുകൾ ചെളി നീക്കം ചെയ്ത് സംരക്ഷിക്കുകയും ചെയ്തു വരുന്നു. കൂടാതെ വനത്തിനുപുറത്തുള്ള ജനവാസമേഖലകളിലേയ്ക്ക് വന്യമൃഗങ്ങൾ വരുന്നത് തടയുന്നതിനായി സോളാർ ഫെൻസിങ്ങ്, എലിഫന്റ് പ്രൂഫ് ട്രഞ്ച്, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ജില്ല | പാമ്പുകടിയേറ്റ് മരണപ്പെടുന്ന വരുടെ എണ്ണം | മറ്റുജീവികളുടെ ആക്രമണത്താൽ മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 7 | 4 |
| കൊല്ലം | 7 | 0 |
| പത്തനംതിട്ട | 17 | 4 |
| ആലപ്പുഴ | 0 | 0 |
| ഇടുക്കി | 5 | 5 |
| എറണാകുളം | 3 | 0 |
| കോട്ടയം | 4 | 1 |
| പാലക്കാട് | 20 | 17 |
| തൃശ്ശൂർ | 22 | 4 |
| മലപ്പുറം | 10 | 4 |
| കോഴിക്കോട് | 1 | 2 |
| കണ്ണൂർ | 19 | 7 |
| വയനാട് | 1 | 10 |
| കാസർഗോഡ് | 20 | 0 |
| **ആകെ** | **136** | **58** |